പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2692

17.10.2016 ൽ
മറുപടിക്ക്

## ഇ-കംപ്ലയിന്റ് പോർട്ടൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ**<br>**,, രാജു എബ്രഹാം**<br>**,, എ. എൻ. ഷംസീർ**<br>**,, ബി.സത്യൻ** | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഇൻഡ്യയിലെ ചില സംസ്ഥാനങ്ങളിൽ പൊതുജനങ്ങൾക്ക് പോലീസിൽ പരാതി നൽകുന്നതിന് ഇ-പോർട്ടൽ സംവിധാനം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ നമ്മുടെ സംസ്ഥാനത്തും ഇപ്രകാരം പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന വിധത്തിൽ പരാതി നൽകുന്നതിന് ഇ-കംപ്ലയിന്റ് പോർട്ടൽ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) CCTNS പദ്ധതിയുടെ ഭാഗമായി സിറ്റിസൺ പോർട്ടൽ നടപ്പിലാക്കുന്നതോടെ പൊതുജനങ്ങൾക്ക് ഓൺലൈനായി പോലീസിൽ പരാതി നൽകുന്നതിനുള്ള സംവിധാനം പ്രാബല്യത്തിൽ വരുന്നതാണ്. |
| (സി) വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം പോലീസ് വകുപ്പിൽ എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനൊപ്പം കാര്യക്ഷമമവും സുതാര്യവുമായ പോലീസ് സംവിധാനം സൗകര്യപ്രദവും അനായാസവുമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കായി വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഒട്ടനവധി സോഫ്റ്റ് വെയറുകൾ പോലീസ് വകുപ്പിൽ ഉപയോഗിച്ച് വരുന്നു. പോലീസ് ഡിപ്പാർട്ട്മെന്റിനെ കുറിച്ച് അടിസ്ഥാന വിവരങ്ങളടങ്ങിയ പോലീസ് വെബ് സൈറ്റ് ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുന്നതിലേക്ക് നടപ്പിലാക്കിയ ശബരിമല വിർച്വൽ ക്യൂ സിസ്റ്റം പ്രോപർട്ടി ഒഫൻസിൽ ഉൾപ്പെട്ട കുറ്റവാളികളെക്കുറിച്ചുള്ള ഡാറ്റാ ബേസ് ഉൾപ്പെടുന്ന ആപ്ളിക്കേഷൻ |

ആയ ക്യാപ്സ്, അഡ്മിനിസ്ട്രേഷനുവേണ്ടിയുള്ള 'I APS' എന്ന ആപ്ളിക്കേഷൻ, കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട/മോഷ്ടിക്കപ്പെട്ട വാഹനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നല്കുന്ന വാഹൻ സമന്വയ എന്ന ആപ്ളിക്കേഷൻ, കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും, രാജ്യവ്യാപകമായി പോലീസ് സ്റ്റേഷനുകളുമായും, അനുബന്ധ പോലീസ് ഓഫീസുകളുമായും മറ്റ് ഡിപ്പാർട്ട്മെന്റുകളായ Transport, Immigration, Passport, Central Police agencies തുടങ്ങിയവയുമായും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുകയും ചെയ്യുന്ന ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റം (CCTNS) ശബരിമലയിലെ ക്യൂ, വാഹനം പാർക്ക് ചെയ്യാനുള്ള സൗകര്യം, കാലാവസ്ഥ തുടങ്ങിയ കാര്യങ്ങളുടെ തൽസ്ഥിതി അറിയുവാനുള്ള ശബരിമല പോർട്ടൽ തുടങ്ങി മെച്ചപ്പെട്ട പോലീസ് സംവിധാനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കായി വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി മേൽപ്പറയുന്ന വിവിധതരം സോഫ്റ്റ് വെയറുകൾ പോലീസ് വകുപ്പിൽ ഉപയോഗിച്ചു വരുന്നു. കൂടാതെ ആദ്യകാല ക്രൈം റെക്കോർഡുകൾ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിനുള്ള പ്രവർത്തികളും പുരോഗമിച്ചു വരുന്നുണ്ട്.

(ഡി) ജനങ്ങൾക്ക്, കുറ്റക്കാരായ പോലീസുകാർക്കെതിരെ പരാതി നൽകുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) പൊതുജനങ്ങൾക്ക്, കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ നേരിട്ടും ഇ-മെയിൽ, ടെലിഫോൺ മുഖേനയും ഉയർന്ന മേലുദ്യോഗസ്ഥർക്ക് നൽകാവുന്നതാണ്. എല്ലാ മേലുദ്യോഗസ്ഥരുടെയും ഇ-മെയിൽ, ടെലിഫോൺ വിവരങ്ങൾ കേരളാ പോലീസിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. കൂടാതെ CCTNS പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ പോകുന്ന സിറ്റിസൺ പോർട്ടൽ വഴി ജനങ്ങൾക്ക് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഓൺലൈനായി പരാതി നൽകാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ